# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* **21** 28.11.2018 -ൽ മറുപടിക്ക്

**<u>മ്യൂസിയങ്ങളുടെ വികസനവും നവീകരണവും</u>**

**<u>ചോദ്യം</u>**

ശ്രീ. കെ.ജെ. മാക്സി
ശ്രീ എ. എൻ. ഷംസീർ
ശ്രീ. ഐ.ബി. സതീഷ്
ശ്രീ. ഒ. ആർ. കേളു

**<u>ഉത്തരം</u>**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനു മായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | പുരാവസ്തു വകുപ്പിന് കീഴിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായംകുളം കൃഷ്ണപുരം കൊട്ടാരം, ഹിൽ പാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ, ഘടനാപരവും രാസപരവുമായ സംരക്ഷണ പ്രവർത്തികൾ എന്നിവ നടത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഹിൽപാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണപ്രവർത്തികൾ നടന്നു വരുന്നു,<br><br>മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ സംരക്ഷിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം ,കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം എന്നിവ അന്തർദേശിയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേക്ക് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ |

| | | | |
|---|---|---|---|
| | | | കുങ്കിച്ചിറയിൽ പുതുതായി ആരംഭിക്കുന്ന ഹെറിറ്റേജ് മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണത്തിന്റെ 95% പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ടമായി ആധുനിക രീതിയിലുള്ള ഡിസ് പ്ലേ സംവിധാനം സജ്ജമാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ് ലറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്ന ശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രാവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.<br><br>തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | മ്യൂസിയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയി ട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ പടിയായി 8 ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം |

സജ്ജീകരണ പുരോഗതി ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം** :- ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയത്തിന്റെ ഘടനാ പരമായ സംരക്ഷണ ജോലികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീ കരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തു കൊണ്ടുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

**പത്തനംതിട്ട**:- ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സജ്ജീകരിക്കുന്ന തിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു.

**എറണാകുളം** :- ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൺ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിട ത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയ ത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തു കൊണ്ടുള്ള പദ്ധതിരേഖ M/s Fi Designs &development (p)Ltd എന്ന സ്ഥാപനം മുഖേന തയ്യാറാക്കി വരുന്നു.

**ഇടുക്കി:-** ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.മ്യൂസിയം കെട്ടിടത്തിന്റെ ഘടനാപരമായ പ്രവർത്തികൾ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തു ക്കളുടെ ശേഖരണം പൂർത്തിയായിട്ടുണ്ട്.

**തൃശ്ശൂർ** :- തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയ ത്തിന്റെ സജ്ജീകരണ പ്രവർത്തികൾ പൂർത്തിയാക്കി 22.06.2018 ന് പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

**പാലക്കാട്**:- പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഘടനാപരമായ പ്രവർത്തി കൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തു കൊണ്ടുള്ള പദ്ധതി രൂപ M/s

| | | | |
|---|---|---|---|
| | | | Architechno Consultants India Pvt ltd എന്ന സ്ഥാപനം മുഖേന പുരോഗമിച്ചു വരുന്നു.<br>**വയനാട്** :- ജില്ലാ പൈതൃക മ്യൂസിയം മാനന്തവാടി പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്കുള്ള ശുചിമുറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.<br>**മലപ്പുറം** :- ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ ടി കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) | കനത്ത മഴയേയും പ്രകൃതി ക്ഷോഭത്തെയും തുടർന്ന് പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ അവസ്ഥ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (ഡി) & (ഇ) | ഉണ്ട്. പ്രളയത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ച പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളിൽ പുനരുദ്ധാരണം / സംരക്ഷണം ആവശ്യ മായ സ്മാരകങ്ങളെ കണ്ടെത്തി ടി സ്മാരകങ്ങളുടെ പ്രാധാന്യമനുസരിച്ച് ആവശ്യമായ സംരക്ഷണ പ്രവർത്തികളും അറ്റകുറ്റപ്പണികളും ആരംഭിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ എടക്കൽ ഗുഹ പ്രളയത്തെത്തുടർന്ന് കേടുപാടുകൾ സംഭവിക്കുകയും ആയത് പരിശോധിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഇ) | പുനരുദ്ധാരണം ആവശ്യമായി വരുന്ന സംരക്ഷിത സ്മാരകങ്ങളെ പൂർവ്വ സ്ഥിതിയിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**